(എഫ്) പ്രസ്തുത കേന്ദ്രത്തിൽ താഴെപറയുന്ന തസ്തികകളും ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്.

| | | |
|---|---|---|
| സിവിൽ സർജൻ | .. | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | .. | 13 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 | .. | 2 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | .. | 6 |
| ഡോബി | .. | 1 |
| ടെയിലർ | .. | 1 |

(ജി, എച്ച്) കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പിലെ പാർട്ട്ടൈം തസ്തികയിലേക്ക് ഉള്ള നിയമനം നടത്തുന്നതിനെതിരെ കേസ് നിലവിലുള്ളതിനാൽ 1992 മുതൽ ഏതാണ്ട് 3 വർഷമായി പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നില്ല. മേൽ തസ്തികയിലേക്കുള്ള നിയമനത്തിനു തടസ്സം താൽക്കാലികമായി നീക്കിയതിനാൽ പാർട്ട്-ടൈം തസ്തികയിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തി ഒഴിവുള്ള ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1, ഗ്രേഡ് 2, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ പടിപടിയായി ഉദ്യോഗക്കയറ്റം നൽകി ഒഴിവുള്ള തസ്തികകളും നികത്തുന്നതാണ്. ഡോബി, ടെയ്ലർ എന്നീ ഒഴിവുള്ള തസ്തികകളും യഥാക്രമം പി. എസ്. സി.-യേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും അറിയിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടി

137 [1317] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവിടെ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനു ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ ബോയ്സ് ഹോസ്റ്റലിനു പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി

138 [1318] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ ബോയ്സ് ഹോസ്റ്റലിനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly